(ബി) ഈ 23 സ്ഥാപനങ്ങളിൽ 12 പൊതുമേഖലാ സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവൃത്തിച്ചത്.

വിദേശരാജ്യങ്ങളിൽ നിന്നുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി, കെ.എം.എം.എൽ., റ്റി.റ്റി.പി. എന്നീ കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു എൻ.ടി.പി.സി.-മായുള്ള കരാർ പ്രകാരം വിഭാവനം ചെയ്തിരുന്ന വികസന പദ്ധതികൾ പൂർണ്ണ തോതിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ടെൽക്കിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. വ്യവസായ മേഖലയിലുണ്ടായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ ഉണ്ടായിട്ടുള്ള വിലത്തകർച്ചയും മാന്ദ്യവും ആ മേഖലയിലുള്ള സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം മൂലം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

211 (596) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സംസ്ഥാന നിക്ഷേപ സഹായധന പദ്ധതിയിൽ 45.24 ലക്ഷം രൂപ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ പദ്ധതിയിൽ 2.67 ലക്ഷം രൂപ, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ 126.25 ലക്ഷം രൂപ, വനിത വ്യവസായ സ്കീം - 5.79 ലക്ഷം രൂപ, സംരംഭകത്വ സഹായ പദ്ധതിയിൽ 72.1 ലക്ഷം രൂപ എന്നിങ്ങനെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

കൈത്തറി ഡയറക്ടറേറ്റിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) നിലവിൽ പദ്ധതികൾക്കായി അപേക്ഷകൾ ഇല്ല.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

212 (597) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള പൊതുമേഖലാ പുനരുദ്ധാരണ ബോർഡിന്റെ വിലയിരുത്തലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയിലേയ്ക്ക് പോകുകയാണുണ്ടായതെന്ന റിയാബിന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ തകർച്ച നേരിടാനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുമേഖലയെക്കുറിച്ച് അവലോകനം നടത്തുന്നതിന് ബാദ്ധ്യതപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും പൊതുമേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വെളിപ്പെടുമ്പോഴും പൊതുമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?